ഷെൽറ്ററുകളുടെ നിർമ്മാണത്തിനായി ജില്ലാ കളക്ടർ നിർദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങളുടെ പാരിസ്ഥിതിക പഠനവും പുനരധിവാസ കേന്ദ്രത്തിന്റെ ആവശ്യകത സംബന്ധിച്ച പഠനവും നടത്തി വരുകയാണ്.

(ബി) സംസ്ഥാനത്തെ ഒൻപത് തീരദേശ ജില്ലകളിലാണ് പുനരധിവാസ കേന്ദ്രങ്ങൾ നിർമ്മിക്കുന്നത്. അവ ഏതെല്ലാം പ്രദേശങ്ങളിലാണെന്നത് സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടില്ല.

(സി) അഭയ കേന്ദ്രങ്ങളായി ഉപയോഗിക്കാവുള്ള സ്കൂളുകളോടനുബന്ധിച്ചുള്ള സ്ഥലങ്ങളിൽ പുനരധിവാസ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനാണ് പദ്ധതിയിൽ മുൻഗണന നൽകിയിട്ടുള്ളത്.

റവന്യൂ-സർവ്വേ-രജിസ്ട്രേഷൻ വകുപ്പുകളുടെ സേവനങ്ങൾ സംയോജിപ്പിക്കുന്ന പദ്ധതി

14 (*104) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റവന്യൂ-സർവ്വേ-രജിസ്ട്രേഷൻ വകുപ്പുകളുടെ സേവനങ്ങൾ സംയോജിപ്പിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) ഏത് ജില്ലയിലാണ് ഇത് പൈലറ്റ് പദ്ധതിയായി നടപ്പിലാക്കിയിട്ടുള്ളത് ; ഇത് വിജയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) മേൽപ്പറഞ്ഞ വകുപ്പുകളിൽ സർക്കാർ ഭൂമി സംബന്ധിച്ച രേഖകൾ കൃത്യമായി ഇല്ല എന്ന അധികൃതരുടെ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു കാരണം കയ്യേറ്റങ്ങൾ സംബന്ധിച്ച കേസുകളിൽ സർക്കാരിന് വേണ്ട രീതിയിൽ വാദങ്ങളുന്നയിക്കാൻ സാധിക്കുന്നില്ല എന്ന് അറിവുള്ളതാണോ ; വ്യക്തമാക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) സംസ്ഥാനത്ത് റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ സേവനങ്ങൾ സംയോജിപ്പിക്കുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാരപരിധിയിൽ വരുന്ന 17 വില്ലേജുകളിൽ റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (ലാറിസ്) എന്ന

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി പ്രകാരം രജിസ്ട്രേഷൻ, റവന്യൂ ഡിപ്പാർട്ടുമെന്റുകളെ ഇന്റർനെറ്റ് സംവിധാനം വഴി ബന്ധിപ്പിച്ചുകൊണ്ട് ഓൺ ലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 9 ജില്ലകളിലെ റീ-സർവ്വേ പൂർത്തിയാക്കിയ 573 വില്ലേജുകളിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. ആയതിലേക്കുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്.

(ബി) കോഴിക്കോട് ജില്ലയിലാണ് ഇത് പൈലറ്റ് പദ്ധതിയായി നടപ്പിലാക്കിയിട്ടുള്ളത്. ഇത് വിജയകരമായി ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാരപരിധിയിൽ വരുന്ന 17 വില്ലേജുകളിൽ നടന്നുവരുന്നു. കൂടാതെ നിലവിലെ സംവിധാനം അനുസരിച്ച് പോക്കുവരവ് ചെയ്യുന്നതിനുള്ള കാലതാമസവും യഥാവിധി പോക്കുവരവ് നടക്കാതെയും നടത്താതെയും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ജനങ്ങൾക്ക് പരിഹരിച്ചു കിട്ടുകയും വില്ലേജ് റിക്കാർഡുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഉണ്ടാവുകയും ചെയ്യുന്നു. കൂടാതെ സർക്കാർ ഭൂമി യാതൊരു കാരണവശാലും കൈമാറ്റം ചെയ്യപ്പെടുകയോ പോക്കുവരവുകളും രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സമയബന്ധിതമായ ജമമാറ്റവും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ നിന്നോ നിരീക്ഷണത്തിൽ നിന്നോ മാറിപ്പോകുന്നതുമില്ല. ഭൂമി കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട സുതാര്യതയാണ് ഇതിലൂടെ നടപ്പിലാക്കുന്നത്.

(സി) സർക്കാർ ഭൂമിയുടെ സംരക്ഷണവും പരിപാലനവും പ്രധാനമായും വില്ലേജ് ആഫീസറുടെ കർത്തവ്യമാണ്. ഇതിനാവശ്യമായ രേഖകളായ സെറ്റിൽമെന്റ് രജിസ്റ്റർ, പുറമ്പോക്ക് രജിസ്റ്റർ, തരിശ് രജിസ്റ്റർ, ഫീൽഡ് മെഷർമെന്റ് ബുക്ക്/ലിത്തോമാപ്പ് മുതലായ രേഖകൾ വില്ലേജ് ആഫീസ്, താലൂക്ക് ആഫീസ്, സർവ്വേ ആഫീസ് എന്നിവിടങ്ങളിൽ സൂക്ഷിച്ചിട്ടുണ്ട്. ഇവയിൽ മാറ്റങ്ങൾ വില്ലേജ് രേഖകളിലാണ് വരുത്തുന്നത്. പഴയ രേഖകൾ കാലപ്പഴക്കം കൊണ്ട് ഉപയോഗ പ്രദമല്ലാതായ അവസ്ഥ ഒട്ടുമിക്ക വില്ലേജുകളിലേയും സുതാര്യമായ പ്രവർത്തനത്തിന് ബുദ്ധിമുട്ടുളവാക്കുന്നു. റീ-സർവ്വേ കഴിഞ്ഞ വില്ലേജുകളിൽ റെക്കാർഡുകളിൽ വൻതോതിലുള്ള ക്രമക്കേടുകളും കൃത്രിമങ്ങളും നടക്കുന്നതായും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, വയനാട് ജില്ലകളിൽ നടത്തിയ അന്വേഷണങ്ങളിലും റീ-സർവ്വേ അദാലത്ത് നടപടികൾ ദുരുപയോഗം ചെയ്തതായി കണ്ടെത്തിയിരുന്നു. ആയതിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ഭൂമി സംബന്ധപ്പെട്ട കേസുകളിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ക്രിമിനൽ നടപടി സ്വീകരിക്കുന്നതിന് നിയമപരിരക്ഷ നൽകി 2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) നിയമം നിയമസഭ പാസാക്കിയിട്ടുള്ളതാണ്. സർവ്വേ രേഖകളും റവന്യൂ രേഖകളും ഭൂമിയുടെ ഫോട്ടോയും പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച് പ്രയോജനം പരിശീലനം ലഭിച്ച ജീവനക്കാരെ വിനിയോഗിച്ച് ഡിജിറ്റൈസ് ചെയ്യുന്നതിനായി കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക് എന്ന പ്രോജക്ട് നിവവിൽ വന്നിട്ടുണ്ട്. സർവ്വേ അതിരടയാള നിയമപ്രകാരവും ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും കൈവശരേഖകൾ ശരിയാണോ എന്ന് പഴയ റിക്കാർഡുകളുടെയും പുതിയ റിക്കാർഡുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് ക്രമക്കേടുകൾ ബോധ്യപ്പെട്ടാൽ താലൂക്ക് ആഫീസിലേക്ക് റിപ്പോർട്ട് ചെയ്യുവാൻ വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

15 (*105) ശ്രീ. സി. എ. മുഹമ്മദ് :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(ബി) ഭൂരഹിതർക്ക് നൽകാനുള്ള ഭൂമി കണ്ടെത്തുന്നതിനും വിതരണം ചെയ്യുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676-ൽ ഉൾക്കൊള്ളിച്ചിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണ് ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015-ന്റെ ഒന്നാംഘട്ട പട്ടയ വിതരണം 14 ജില്ലകളിലും പൂർത്തിയായിട്ടുണ്ട്. കേരളത്തെ ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി മാറ്റുന്നതിനാണ് പ്രസ്തുത പദ്ധതിയിൽ

LIBRARY ARCHIVES Kerala Legislative Assembly